I/640448/2024

"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:- എം.4/3770/2024/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 18-02-2024

## <u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസം - സ്കൂളുകളിൽ വാട്ടർ ബെൽ സംവിധാനം നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. ബഹു.പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി 16/02/2024-ന് നടത്തിയ പത്രസമ്മേളനം

കേരളത്തിലെ മാറിയ കാലാവസ്ഥയിൽ ചൂട് കൂടി വരുന്നതിനാൽ ക്ലാസ് സമയത്ത് കുട്ടികൾ മതിയായ അളവിൽ ശുദ്ധജലം കുടിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇതിനായി സൂചന പ്രകാരം അടുത്ത അധ്യയന ദിനം മുതൽ വാട്ടർ ബെൽ സംവിധാനം പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്കൂളുകളിലും നടപ്പിലാക്കുകയാണ്.കുട്ടികൾക്ക് വെള്ളം കുടിക്കുന്നതിനായി രാവിലെ **10.30നും** ഉച്ചക്ക് **2.00 മണിക്കും** വാട്ടർ ബെൽ മുഴക്കി അഞ്ച് മിനിറ്റ് വീതം പ്രത്യേക ഇടവേളകൾ അനുവദിക്കണം. വെള്ളം വീട്ടിൽ നിന്നുംകൊണ്ട് വരാത്ത വിദ്യാർഥികൾക്കായി സ്കൂളുകളിൽ ശുദ്ധജലം ഉറപ്പാക്കുകയും വേണം.മേൽ നിർദേശങ്ങൾ അടിയന്തിരമായി നടപ്പിൽ വരുത്തുന്നതിനായി ബന്ധപ്പെട്ട ജില്ല വിദ്യാഭ്യാസഉപഡയറക്ടർമാർ,റിജിയണൽ ഡപ്യൂട്ടിഡയറക്ടർമാർ(ഹയർസെക്കണ്ടറിവിഭാഗം), അസിസ്റ്റന്റ് ഡയറക്ടർമാർ(വി.എച്ച്.എസ്.ഇ വിഭാഗം) തങ്ങളുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളിലെ പ്രധാനാധ്യാപകർ/പ്രിൻസിപ്പൽമാർ എന്നിവർക്ക് നിർദേശം നൽകേണ്ടതാണ്.

Signed by
Shanavas S Ias
Date: 18-02-2024 20:05:38

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡിമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
3. എല്ലാ എ.ഡിമാർക്കും (വി.എച്ച്.എസ്.ഇ വിഭാഗം)
4. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും